# ജി എൽ പി എസ് കോട്ടച്ചേരി

## അക്കാദമിക മാസ്റ്റർ പ്ലാൻ

([illegible]കലം)

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ

3. <u>അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്</u>

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

4. <u>ചിത്രം - അടിക്കുറിപ്പ്</u>

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

5. <u>കഥ - ബാക്കി പറയൽ - എഴുതൽ</u>

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു.

6. <u>CD പ്രദർശനം</u>

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം

7. <u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ</u>

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തനം പാക്കേജ് IED അധ്യാപകരുടെ സേവനം

8. <u>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ</u>

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. പത്രം പുസ്തകം വായിക്കുന്നു. വായനക്കുറിപ്പ് പുസ്തകം എങ്ങനെ

- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ.

## പ്രവർത്തനങ്ങൾ

1 അക്ഷരം ഉറപ്പിക്കൽ

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

2 അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

12 പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന - പദപ്പയറ്റ്, പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

13 അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം - വായനക്കുറി - വായനക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ ശിൽപ്പശാല

14. വായനാക്കുറിപ്പ്

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു പതിപ്പ് പ്രകാശനം.

15. ദിനാചരണങ്ങൾ

വായനയും പദപ്പയറ്റും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു

തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചിത്ര വായനയെക്കുറിച്ച് അഭിമുഖം, ആകാശവാണി വെബ്സൈറ്റ് എന്നിവയിൽ അവതരിപ്പിക്കാവുന്നതാണ്.

9. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം

10. സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തക തരണ. പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെ ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം.

11. വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തക പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്കാരം (പാഠഭാഗവുമായി ബന്ധപ്പെട്ട) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

16. ക്ലാസ്, സ്കൂൾ ലൈബ്രറികൾ

ഓരോ ക്ലാസിലും ഒരു സ്കൂളിലും ലൈബ്രറി രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം വിദ്യാലയത്തിന് പുറത്ത് ലൈബ്രറികൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം

17. വായനാസാമഗ്രികൾ വികസിപ്പിക്കൽ

കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തത്തോടെ രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ

18. ഇ-വായന- സാധ്യത കണ്ടെത്തൽ

വിക്കിപീഡിയ പരിചയപ്പെടുത്തൽ

നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി

വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം

ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ

വിവിധ കൃതികൾ കവിത പതിപ്പ് വീഡിയോ കാണൽ

19. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ

ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം

20. ഭാഷാ പ്രോജക്ടുകൾ - സാഹിത്യ ഡയറി, സചിത്രപാഠ- -പുസ്തകം ...

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തി-ലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

21. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവ-സരം യോഗങ്ങൾ സംഘടിപ്പിക്കൽ.

22. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തന ആസൂത്രണം, നടപ്പിലാക്കൽ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം.

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. അടയാളം ഉറപ്പിക്കൽ<br>3. അക്ഷരകാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമ്മിക്കുക<br>6. വാക്യങ്ങൾ നിർമ്മിക്കൽ<br>7. ചിത്രം- അടിക്കുറിപ്പ്<br>8. ചിത്രം- കഥ പറയൽ<br>9. കഥ-ബാക്കി എഴുതൽ<br>10 കഥാപുസ്തകം നൽകൽ<br>11 C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>12 ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 Months | പുസ്തകങ്ങൾ<br>C.D | BRC<br>P.T.A<br>B.R.C<br>IED Trainer<br>PTA |

| S/No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1 ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 months | ക്ലാസ് ലൈബ്രറി | BRC |
| | | 2 വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | | സ്കൂൾ ലൈബ്രറി | P.T.A |
| | | 3 സ്കൂൾ ലൈബ്രറി നവീകരിക്കൽ | | പത്രങ്ങൾ | |
| | | 4 വായനോത്സവം സംഘടിപ്പിക്കൽ | | | |
| | | 5 പത്രവായന | | | |
| | | 6 അമ്മവായന | | വായനാമുറി | |
| | | 7 പുസ്തകചർച്ച | | | BRC |
| | | 8 സ്കൂൾ സഭ, ബാലസഭ | | | |
| | | 9 ദിനാചരണങ്ങൾ | | | |
| | | 10 വായനാസാമഗ്രികൾ വികസിപ്പിക്കൽ | | ഇന്റർനെറ്റ് കമ്പ്യൂട്ടർ | |
| | | 11 ഇ-വായന | | | |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച വായനക്കാര-നാക്കുക. | 1. ക്ലാസ് ലൈബ്രറി<br>2. ഇൻലന്റ് മാസികയിൽ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ<br>3. പൊതുവേദി-കളിൽ സംസാരിക്കാനുള്ള കഴിവ്<br>4. ദിനപത്രങ്ങൾ | 6 months | ലൈബ്രറി<br>പത്രങ്ങ-ങ്ങൾ | BRC<br>PTA |